# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 109 — 08.02.2016 ലെ മറുപടിക്ക്

ചോദ്യം — മറുപടി

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.വി. വിജയദാസ്
എം. ചന്ദ്രൻ
ആർ. രാജേഷ്

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

**കേന്ദ്ര ബഡ്ജറ്റ്-സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ**

| | | |
|---|---|---|
| (എ) | ഈസർക്കാരിന്റെ കാലത്ത് കേന്ദ്ര ബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ചടത്തോളം അവഗണനാപരമായിരുന്നുവോ; കഴിഞ്ഞ അഞ്ച് വർഷത്തെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ സംബന്ധിച്ച് എന്തെല്ലാം നിലയിലുള്ള അവഗണനയാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാമോ; | കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് ശിപാർശകൾ നൽകാറുണ്ട്. എന്നാൽ ഇത്തരത്തിൽ നൽകിയ ശിപാർശകൾ എല്ലാം തന്നെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെട്ടിട്ടില്ല. അക്കാരണത്താൽ കേന്ദ്രബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ച് തികച്ചും അവഗണനാപരമായിരുന്നുവെന്ന് വിലയിരുത്താനാവില്ല. |
| (ബി) | ഓരോ കേന്ദ്ര ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങളായിരുന്നു അവഗണിക്കപ്പെട്ടിരുന്നത്; | വിവിധ വകുപ്പുകൾ മുഖാന്തിരം കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ച ശുപാർശകളിൽ അവഗണിക്കപ്പെട്ടവയെ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ആവശ്യങ്ങൾ ഉൾപ്പെടെ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്ത മാക്കാമോ | 2016-17 കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തെ സംബന്ധിച്ച് പ്രയോജനപ്രദമായ നികുതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട പദ്ധതി അതാത് വകുപ്പുകൾ പ്രത്യേകമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 06.02.2016 ൽ കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായുള്ള സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. |
| (ഡി) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശ ങ്ങൾ സമർപ്പിച്ചിട്ടുണ്ട്; പുതുതായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു വിശദമാക്കാമോ? | 2016-17 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം

- പൊതുജനാരോഗ്യ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ജനറിക് മെഡിസിനുകളുടെ വിലയുടെ 50 ശതമാനം കേന്ദ്ര സഹായമായി അനുവദിക്കുക.
- സംസ്ഥാന റബ്ബർ വിലസ്ഥിരതാ ഫണ്ടിന് കേന്ദ്രസഹായമായി 500 കോടി രൂപ അനുവദിക്കുക.
- റബ്ബറിന്റെ ഇറക്കുമതിചുങ്കം നിലവിലുള്ള 25 ശതമാനത്തിൽ നിന്നും 40 ശതമാനമായി ഉയർത്തുക.
- മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം.
- തിരുവനന്തപുരം ആർ.സി.സി യെ ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുക.
- ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുക.
- പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണത്തിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുക.
- കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് നടപ്പാക്കുന്നതിനാവശ്യമായ തുക അനുവദിക്കുക.
- കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുക.
- നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുക.
- സ്വച്ഛ്ഭാരത്, തൊഴിലുറപ്പു പദ്ധതി എന്നിവയിൽ തോട്ടം മേഖലയെയും ഉൾപ്പെടുത്തുക.
- ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു കീഴിൽ രജിസ്റ്റർ ചെയ്ത പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുക.
- സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക്വേണ്ടി Income Tax Act -1961, Section-40, Clause (a), Sub clause (iib) ഒഴിവാക്കുക.
- ഭരണഘടനാഭേദഗതിയിലൂടെ ആർട്ടിക്കിൾ 276 (2) പ്രകാരം ഈടാക്കുന്ന തൊഴിൽനികുതിയുടെ ഉയർന്ന പരിധി നിലവിലെ 2500 രൂപയിൽ നിന്നും വർദ്ധിപ്പിക്കുക.

അക്കൗണ്ട്സ് ഓഫീസർ